ഇ 5/41074/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 22/11/2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - പ്രൊമോഷനുകൾ തീർപ്പാക്കുന്നതിനുള്ള അദാലത്ത് - സംബന്ധിച്ച്.

സൂചന:- 1) 09/11/2018 -ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

2) 15/11/2017 -ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇ 1/39601/2017/കോ.വി.വ. നമ്പർ സർക്കുലർ.

*******

എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷൻ പ്രൊപ്പോസലുകൾ തീർപ്പാക്കുന്നതിന് 2018 നവംബർ 28, 30 തീയതികളിൽ യഥാക്രമം കളമശ്ശേരി സെന്റ് പോൾസ് കോളേജിനും ആലുവ യു.സി. കോളേജിനും കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരുന്നു. അദാലത്തിൽ ഓരോ കോളേജിൽ നിന്നും ഒരു സൂപ്രണ്ടും ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന ഒരു ക്ലാർക്കും പങ്കെടുക്കേണ്ടതാകുന്നു. അദാലത്തിനു മുമ്പ്/വരുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിലേയ്ക്കായി ഈ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ എയ്ഡഡ് കോളേജ് ഉത്തരവുകൾ & സർക്കുലർ എന്ന ലിങ്കിൽ 15/11/2017 -ൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന (2) സർക്കുലർ വായിക്കേണ്ടതും അതിൻ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതുമാകുന്നു. ഈ കാര്യാലയത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും ഇതുവരെ അംഗീകാരം ലഭിക്കാത്തതുമായ പ്രൊപ്പോസലുകളുടെ വിവരങ്ങൾ 2018 നവംബർ 24 നു മുമ്പ് ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതാകുന്നു.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. പ്രിൻസിപ്പാൾ/മാനേജർ
   സെന്റ് പോൾസ് കോളേജ്, കളമശ്ശേരി
2. പ്രിൻസിപ്പാൾ/മാനേജർ
   യു.സി. കോളേജ്, ആലുവ
3. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
   (ഈ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും paulscollege@gmail.com, ucc@uccollege.edu.in എന്ന വിലാസങ്ങളിലേയ്ക്ക് ഇ-മെയിൽ അയയ്ക്കുന്നതിനും)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

9901544 വെ.ടി 23/11/18

GOVERNMENT OF KERALA 2017-18